22406
9/12/19

©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 8 Vol. VIII | തിരുവനന്തപുരം, തിങ്കൾ Thiruvananthapuram, Monday | 2019 നവംബർ 25 25th November 2019 | 1195 വൃശ്ചികം 9 9th Vrishchikam 1195 | 1941 അഗ്രഹായനം 4 4th Agrahayana 1941 | നമ്പർ No. 2881

കേരള സർക്കാർ

പരിസ്ഥിതി (എ) വകുപ്പ്

വിജ്ഞാപനം

സ.ഉ.(അച്ചടിച്ചത്) നമ്പർ.2/2019/പരി
എസ്. ആർ. ഒ. നമ്പർ 917/2019

തിരുവനന്തപുരം, 2019, നവംബർ 14
1195, തുലാം 28
1941, കാർത്തികം 23

2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആക്ടിന്റെ (2015-ലെ 22) 3-ാം വകുപ്പ്, (3)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയും 4-ാം വകുപ്പും കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, പബ്ലിക് സർവ്വീസ് കമ്മീഷനും കേരള സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡുമായും കൂടിയാലോചിച്ച് താഴെപറയുന്ന ചട്ടങ്ങൾ ഇതിനാൽ ഉണ്ടാക്കുന്നു, അതായത്:-

## ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ ചട്ടങ്ങൾക്ക് 2019-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.- (1) ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,-

(എ) " ആക്ട് "എന്നാൽ 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ട് (2015-ലെ 22) എന്നർത്ഥമാകുന്നു;

(ബി) "ചെയർമാൻ" എന്നാൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചെയർമാൻ എന്നർത്ഥമാകുന്നു.

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ നിർവ്വചിച്ചിട്ടില്ലാത്തതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും അവയ്ക്ക് ആക്ടിൽ നൽകിയിരിക്കുന്ന അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

3. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പാലിക്കേണ്ട നടപടിക്രമങ്ങൾ.- പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതായ ഏതെങ്കിലും കാര്യം പബ്ലിക് സർവ്വീസ് കമ്മീഷനിലേയ്ക്ക് അയയ്ക്കുമ്പോൾ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് താഴെപറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്, അതായത്:-

(എ) പബ്ലിക് സർവ്വീസ് കമ്മീഷനിലേയ്ക്കുള്ള എല്ലാ അഭിപ്രായാന്വേഷണങ്ങളും ഒരു ഔദ്യോഗിക കത്തിന്റെ രൂപത്തിൽ, പബ്ലിക് സർവ്വീസ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കമ്മീഷന്റെ സെക്രട്ടറിയെ അഭിസംബോധന ചെയ്തുകൊണ്ടായിരിക്കേണ്ടതും അതോടൊപ്പം അഭിപ്രായാന്വേഷണത്തിനായി അയയ്ക്കുന്ന കാര്യത്തിന് പ്രസക്തമായ എല്ലാ രേഖകളും അല്ലെങ്കിൽ, രേഖകളുടെ പകർപ്പുകളും അയച്ചുകൊടുക്കേണ്ടതുമാണ്;

(ബി) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കുറിപ്പ് ഫയലുകൾ യാതൊരു കാരണവശാലും പബ്ലിക് സർവ്വീസ് കമ്മീഷനിലേയ്ക്ക് അയയ്ക്കുന്ന രേഖകളുടെ ഭാഗമാകാൻ പാടില്ലാത്തതാണ്;

(സി) പബ്ലിക് സർവ്വീസ് കമ്മീഷൻ ഒരു തീരുമാനത്തിൽ എത്തുമ്പോൾ അതിന്റെ ഉപദേശം അത് ചെയർമാനെ അറിയിക്കേണ്ടതാണ്;

(ഡി) അഭിപ്രായം തയ്യാറാക്കുന്ന സമയത്ത് പബ്ലിക് സർവ്വീസ് കമ്മീഷന് മുൻപാകെ ഇല്ലാതിരുന്ന കാരണങ്ങളാൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിക്കുന്നിടത്ത് പബ്ലിക് സർവ്വീസ് കമ്മീഷനു മായി വീണ്ടും കൂടിയാലോചിക്കേണ്ടതാണ്.

<u>കുറിപ്പ്:</u> പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ലഭിക്കുന്നതുവരെയും അങ്ങനെയുള്ള ഉപദേശത്തിന്റെ വെളിച്ചത്തിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഒരു തീരുമാനത്തിൽ എത്തുന്നതുവരെയും ആ വിഷയത്തിലെ ഏതെങ്കിലും ഭാഗത്തിന്റെ മെറിറ്റിനെ സംബന്ധിച്ച് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഒരു നിശ്ചിത ഉപദേശം രൂപീകരിച്ചിട്ടുണ്ട് എന്ന് സൂചിപ്പിക്കത്തക്കവിധത്തിൽ വ്യാഖ്യാനിക്കപ്പെടാവുന്ന യാതൊരു ഭാഷയും ആ വിഷയവുമായി ബന്ധപ്പെട്ട ഏതെങ്കിലും കത്തിടപാടുകളിൽ ഉപയോഗിച്ചിട്ടില്ല എന്ന് ഉറപ്പ് വരുത്തുന്നതിനായി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്;

(ഇ) പബ്ലിക് സർവ്വീസ് കമ്മീഷൻ നൽകിയ ഉപദേശം നിരാകരിക്കാനോ അതിൽനിന്ന് വ്യതിചലിക്കാനോ തീരുമാനിക്കുന്നിടത്ത്, ആ കാര്യം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അടുത്ത യോഗത്തിന് മുൻപാകെ ഉത്തരവിനായി വയ്ക്കേണ്ടതാണ്. പ്രസ്തുത കാര്യം പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിച്ചശേഷം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അക്കാര്യം സർക്കാരിലേയ്ക്ക് അയയ്ക്കേണ്ടതും അതിന്മേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്:

എന്നാൽ, കമ്മീഷന്റെ ഉപദേശത്തിന് എതിരായി സർക്കാർ ഒരു തീരുമാനമെടുക്കുന്നതിനു മുമ്പ് ആ കാര്യം പബ്ലിക് സർവ്വീസ് കമ്മീഷനു റഫർ ചെയ്യേണ്ടതാണ്;

(എഫ്) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിച്ച് തിരഞ്ഞെടുത്ത ഉദ്യോഗാർത്ഥികളുടെ നിയമന ഉത്തരവുകളുടെ പകർപ്പുകൾ കേരള സംസ്ഥാന മലിനീകരണ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നിയന്ത്രണ ബോർഡ് പബ്ലിക് സർവ്വീസ് കമ്മീഷന് അയച്ച് കൊടുക്കേണ്ടതാണ്.

4. പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ട ആവശ്യം ഇല്ലാത്ത കാര്യങ്ങൾ.- താഴെ പറയുന്ന ഏതൊരു കാര്യത്തിന്മേലും പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ട ആവശ്യം ഇല്ലാത്തതാണ്, അതായത്:-

(എ) പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിൻമേൽ നിയമനം നടത്തേണ്ട ഒരു തസ്തികയിലേയ്ക്ക് എത്രയും പെട്ടെന്ന് ഒഴിവ് നികത്തേണ്ട ഒരു അടിയന്തിര സാഹചര്യം മൂലം പൊതുതാല്പ്പര്യാർത്ഥം അത് ആവശ്യമായിവരികയും അങ്ങനെയുള്ള കൂടിയാലോചനയ്ക്ക് ശേഷം നിയമനം നടത്തുന്നതിൽ അകാരണമായ കാലതാമസം ഉണ്ടാകുകയും ചെയ്യുന്നിടത്ത് ഓരോ വ്യക്തിയുടെ സംഗതിയിലും ആകെ നൂറ്റി എൺപത് ദിവസത്തിൽ കവിയാതെയുള്ള കാലയളവിലേയ്ക്ക് ഒരു ആളെ താൽക്കാലികമായി നിയമിക്കുന്നിടത്ത്:

എന്നാൽ, റഗുലർ നിയമനത്തിനായി പ്രസ്തുത ഒഴിവ് പബ്ലിക് സർവ്വീസ് കമ്മീഷന് ആദ്യം റിപ്പോർട്ട് ചെയ്യാതെ അങ്ങനെയുള്ള യാതൊരു നിയമനവും നടത്തുവാൻ പാടില്ലാത്തതാണ്;

(ബി) ബന്ധപ്പെട്ട തസ്തികകളിൽ നിയമനത്തിനായി നിർണ്ണയിക്ക പ്പെട്ട യോഗ്യതയുള്ളതും നിശ്ചിത പ്രായപരിധിക്കുള്ളിലുള്ളവരുമായ, സർവ്വീസിലിരിക്കെ മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതരുടെ നിയമനം;

(സി) താഴെപറയും പ്രകാരമുള്ള നിയമനങ്ങൾക്ക്,-

(i) ഏതെങ്കിലും ഓണററി തസ്തികകളിൽ; അല്ലെങ്കിൽ

(ii) ഏതെങ്കിലും പ്രത്യേക പ്രവർത്തനരംഗത്ത് വിശേഷ നൈപുണ്യമുള്ള ഒരാളുടെ സേവനം ലഭിക്കുന്നതിനായി ഏതെങ്കിലും പ്രത്യേക കരാറിലെ നിബന്ധനകളുടേയും ഉപാധികളുടേയും അടിസ്ഥാനത്തിൽ നിയമനം നൽകുന്ന ഏതെങ്കിലും തസ്തികയിൽ:

എന്നാൽ, കരാർ അടിസ്ഥാനത്തിലുള്ള സേവനകാലയളവ് മൂന്ന് വർഷക്കാലയളവിൽ അധികരിക്കുന്ന കരാർ അടിസ്ഥാനത്തിലുള്ള ഓരോ നിയമനത്തിന്റെ സംഗതിയിലും പ്രസ്തുത കരാർ ഉണ്ടാക്കുകയോ പുതുക്കുകയോ ചെയ്യുന്നതിന് മുൻപായി കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതാണ്;

(iii) ഏതെങ്കിലും കണ്ടിജൻറ് സേവനത്തിന് അല്ലെങ്കിൽ താല്ക്കാലിക തൊഴിലിന്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിശദീകരണം:- 'ഓണററി തസ്തിക' എന്നാൽ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന്, യാത്രാബത്തയും മറ്റു ചെലവുകളും ഒഴികെ, നൽകിയ സേവനങ്ങൾക്ക്, ആ തസ്തിക വഹിക്കുന്നതുകൊണ്ട് എന്തെങ്കിലും വേതനമോ പ്രതിഫലമോ ലഭിക്കുന്നതിനുള്ള അവകാശം ഇല്ലാത്ത തസ്തിക എന്നർത്ഥമാകുന്നു;

(ഡി) ക്ഷമതയുള്ള കോടതികളിൽ നിന്നുള്ള ഏതെങ്കിലും നിർദ്ദേശങ്ങളുടേയോ ഉത്തരവുകളുടേയോ അടിസ്ഥാനത്തിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിയമിച്ചിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ ജീവനക്കാരന്റെയോ സേവനം ക്രമപ്പെടുത്തുന്നതിന്:

എന്നാൽ, അങ്ങനെയുള്ള ക്രമപ്പെടുത്തലുകൾ സർക്കാർ മാത്രം നടത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ഡോ. ഉഷ ടൈറ്റസ്**
***പ്രിൻസിപ്പൽ സെക്രട്ടറി***

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2015-ലെ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റിന്റെ (2015-ലെ 22) 3-ാം വകുപ്പ്, (3)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധനയും 4-ാം വകുപ്പും കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുമായും കൂടിയാലോചിച്ച് ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിലേയ്ക്കായി ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു. മേൽപ്പറഞ്ഞ വ്യവസ്ഥകൾ പ്രകാരം നൽകപ്പെട്ട അധികാരം ഉപയോഗിച്ച് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## NOTIFICATION

S. R. O. No. 917/2019

G.O.(P)No.2/2019/Envt

*Dated, Thiruvananthapuram,* 14th November, 2019
28th Thulam, 1195
23rd Karthika, 1941.

In exercise of the powers conferred by the proviso to sub-section (3) of section 3 read with section 4 of the Kerala Public Service Commission (Additional Functions as respects the Services under the Kerala State Pollution Control Board) Act, 2015 (22 of 2015) the Government of Kerala, in consultation with the Public Service Commission and the Kerala State Pollution Control Board, hereby make the following rules, namely:-

## RULES

1. *Short title and commencement*.- (1) These rules may be called the Kerala Public Service Commission (Additional Functions as respects the Services under the Kerala State Pollution Control Board) Rules, 2019.

(2) They shall come into force at once.

2. *Definitions*.- (1) In these rules, unless the context otherwise requires,-

(a) "Act" means the Kerala Public Service Commission (Additional Functions as respects the Services under the Kerala State Pollution Control Board) Act, 2015 (22 of 2015);

(b) "Chairman" means the Chairman of the Kerala State Pollution Control Board.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) Words and expressions used but not defined in these rules, shall have the same meaning as assigned to them in the Act.

3. *Procedure to be followed by the Kerala State Pollution Control Board*.- The following procedure shall be followed by the Kerala State Pollution Control Board in referring any matter to the Public Service Commission, which is required to be consulted with the Public Service Commission, namely:-

(a) All references to the Public Service Commission shall be addressed to the Secretary to the Public Service Commission by the Chairman in the form of an official letter with which shall be forwarded, all papers or copies of papers relevant to the matter referred;

(b) Note files of the Kerala State Pollution Control Board shall, on no account, form part of the records sent to the Public Service Commission;

(c) When the Public Service Commission arrives at a decision, it shall communicate its advice to the Chairman;

(d) Where it is proposed not to accept the advice of the Public Service Commission for reasons not before the Public Service Commission, at the time of making the advice, the Public Service Commission shall be consulted again;

*Note*: Special care should be taken to ensure that until the Public Service Commission's advice has been obtained and a decision has been reached by the Kerala State Pollution Control Board in the light of such advice no language shall be used in any communication issued in connection with the case which is capable of being interpreted as implying that the Kerala State Pollution Control Board has formed a settled opinion on the merits of any

... is a digitally signed Gazette
... Authenticity may be verified through https://compose.kerala.gov.in/

part of the case.

(e) Where it is proposed to reject or to deviate from the advice tendered by the Public Service Commission, the matter shall be placed before the next meeting of the Kerala State Pollution Control Board for orders. After intimating the same to the Kerala Public Service Commission the Kerala State Pollution Control Board shall refer the matter to the Government, and the decision of the Government thereon shall be final:

Provided that the Government, before taking a decision against the advice of the Public Service Commission, shall refer the matter to the Public Service Commission;

(f) Copies of the orders of appointment of candidates selected in consultation with the Public Service Commission shall be sent to the Public Service Commission by the Kerala State Pollution Control Board.

4. *Matters in respect of which it shall not be necessary for the Public Service Commission to be consulted.*- It shall not be necessary to consult the Public Service Commission on any of the following matters, namely:-

(a) The appointment of a person, temporary for a total period not exceeding one hundred and eighty days in the case of each individual, to a post in the Kerala State Pollution Control Board to which appointment has to be made on the advice of the Public Service Commission, if it is necessary in the public interest owing to an emergency which has arisen to fill the vacancy immediately and there would be undue delay in making the appointment after such consultation:

Provided that no such appointment shall be made

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

without first reporting the vacancy to the Commission for regular appointment;

(b) Appointment of dependents of employees dying-in-harness who possesses the qualifications prescribed for appointment to the posts concerned and are within the prescribed age limit;

(c) For making any appointment to,-

(i) any honorary post; or

(ii) any post to which the appointment is made on the basis of the terms and conditions of any special contract in order to secure the services of a person having special skill in any particular field:

Provided that in every case of appointment on contract which may involve a total period of service on contract in excess of three years the Commission shall be consulted before the contract is made or renewed;

(iii) any contingent service or casual labour.

*Explanation*:- 'Honorary post' means a post the holding of which does not carry with it the right to receive any emoluments or remuneration for services rendered other than an allowance for defraying travelling and other expenses incurred in the performance of duty;

(d) For regularising the services of any officer or servant appointed by the Kerala State Pollution Control Board on the basis of any directions or orders from any competent courts:

Provided that such regularisation shall be made only by the Government.

By order of the Governor,
**DR. USHA TITUS**
*Principal Secretary to Government*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

The proviso to sub-section (3) of section 3 and section 4 of the Kerala Public Service Commission (Additional Functions as respects the Services under the Kerala State Pollution Control Board) Act, 2015 (22 of 2015) empower the Government to make rules in consultation with the Kerala Public Service Commission and the Kerala State Pollution Control Board for carrying out the purposes of the Act. Accordingly the Government have decided to make rules in exercise of the powers conferred by the said provisions.

The notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/